# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 29** **April 2015** **No.1**

# എഡിറ്റോറിയൽ

വർഷത്തിലൊരിക്കൽ ക്രിസ്തുവിന്റെ കഷ്ടാനുഭവം അഥവാ പീഢാനുഭവത്തെ ഓർക്കുന്ന വിഭാഗങ്ങൾ ലോകത്തിൽ ഉണ്ട്. മാദ്ധ്യമങ്ങൾ അവയെ എടുത്തു കാണിക്കുന്നുമുണ്ട്. പാരമ്പര്യമായി ഇത് പല രീതിയിൽ ആണ് ആളുകൾ ആഘോഷിക്കുന്നത്. ക്രിസ്തു ജീവിച്ചിരുന്നത് പഴയനിയമത്തിൻ കീഴിലായിരുന്നു. ദൈവജനമായിരുന്ന യിസ്രായേൽ മിസ്രയിം അടിമകളായി പോയത് അവർ ദൈവത്തെ അനുസരിക്കാതിരുന്നതു നിമിത്തം ആയിരുന്നു. അവരെ അവിടെനിന്നു വിടുവിക്കുവാൻ ദൈവം അത്ഭുതങ്ങൾ നടത്തി ദൈവത്തിന്റെ ശക്തി കാണിച്ചുകൊടുത്തു. മിസ്രയിമ്യരുടെ കടിഞ്ഞൂലുകളെ സംഹാരദൂതൻ എടുത്തുകളഞ്ഞപ്പോൾ യിസ്രായേലിന്റെ ഓരോ വാതിലിലും രക്തം കണ്ടതിനാൽ മരണം അവരെ കടന്നു പോയി. ചെങ്കടലിലെ വേള്ളത്തെ മാറ്റി നിർത്തി അവരെ അത്ഭുതകാരമായിട്ടായിരുന്നു ദൈവം കടത്തിക്കൊണ്ടുവന്നത്. അങ്ങനെയാണ് അവരോട് പെസഹ ആചരിക്കുവാൻ ദൈവം കൽപിച്ചത്. മാനുഷികമായ ചിന്തയിൽനിന്ന് ഉരുത്തിരിഞ്ഞ ദിവസങ്ങളും കാലങ്ങളും ആളുകൾ പാരമ്പര്യമായി ആചരിച്ചു വരുന്നതായി കാണാം.

യേശു പെസഹ കുഞ്ഞാടായി അറുക്കപ്പെട്ടു. പഴയ നിയമത്തിൽ ആളുകൾക്ക് പൂർണ്ണമായ പാപമോചനം ലഭ്യമായിരുന്നില്ല. തികവുള്ളതും ജീവനുള്ളതുമായ ഒരു യാഗം അർപ്പിച്ചു യേശു ദൈവത്തെ പ്രസാദിപ്പിച്ചു. ഒരിക്കൽ എന്നേക്കുമായി അർപ്പിക്കപ്പെട്ട

അതിന്റെ പ്രയോജനം ലഭിക്കുന്നത് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കുന്നവർക്കാണ്. പൂർണ്ണമായ ദൈവകൃപയാലും അവന്റെ സ്നേഹത്താലും നമ്മുടെ രക്ഷക്കു വേണ്ടി സ്വയം മരണത്തിന് ഏൽപിച്ചു കൊടുത്തു. കർത്താവിനെ അവൻ കൽപിച്ചിരിക്കുന്ന രീതിയിലാണ് ഓർക്കേണ്ടത്. അല്ലാതെ വർഷത്തിൽ ഒരിക്കൽ അല്ല. മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷനായി മരിച്ചവർക്കെല്ലാം പുനരുത്ഥാനം ഉണ്ടെന്ന് തെളിയിച്ചുകൊടുത്തു.

ക്രിസ്തുവിന്റെ ശരീരവും രക്തവും മനുഷ്യവർഗത്തെ പാപത്തിൽനിന്ന് ഉദ്ധരിക്കുവാനായി നൽകി. ദൈവത്തിന് പ്രസാദകരമായ ഏക യാഗം അതായിരുന്നു. തന്റെ ശിഷ്യന്മാരോട് കർത്താവ് കൂടിവരുവാൻ പറഞ്ഞത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു. കർത്താവ് ഉയർത്തെഴുന്നേറ്റത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു. ശിഷ്യന്മാർക്ക് പ്രത്യക്ഷനായതും അന്നായിരുന്നു. ശിഷ്യന്മാർ കൂടിവരുമ്പോഴൊക്കെ അവന്റെ ഓർമ്മക്കായിട്ടാണ് കർത്തൃമേശ എടുക്കുവാൻ പറഞ്ഞിരിക്കുന്നത്. പുളിപ്പില്ലാത്ത അപ്പവും മുന്തിരവള്ളിയുടെ അനുഭവവും എടുത്തു വാഴ്ത്തിയാണ് ശിഷ്യന്മാർക്ക് കർത്താവ് കൊടുത്തത്. ആളുകൾ കർത്താവിന്റെ കൽപനകളേക്കാൾ മനുഷ്യരുടെ ഉപദേശങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. മാനുഷിക ഉപദേശങ്ങളെ ആളുകൾ പഠിപ്പിക്കുന്നതിനാൽ അവരുടെ ആരാധന തന്നെയും വ്യർത്ഥമാണ്.

ഇന്ന് ലോകം വർഷത്തിൽ ഒരിക്കൽ ആചരിക്കുന്ന വിശുദ്ധ വാരമോ കഷ്ടാനുഭവമോ ദൈവഹിതപ്രകാരമല്ല. തിരുവെഴുത്ത് അതിൽനിന്നു വ്യത്യസ്തമായിട്ടാണ് പഠിപ്പിക്കുന്നത്. നാം ഇന്ന് സർവ്വാധികാരവുമുള്ള യേശുക്രിസ്തുവിന്റെ വചനം വിശ്വാസത്താൽ അനുസരിക്കുകയാണ് വേണ്ടത്. ക്രിസ്തുവിനോട് ചേരുവാൻ പാപമോചനത്തിനായി യേശു കൽപിച്ച സ്നാനം ഏൽക്കുകയും വേണം. അപ്പോഴാണ് കർത്താവ് നമ്മെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കുന്നത്. നിങ്ങൾക്ക് പാപമോചനം ലഭിച്ചിട്ടുണ്ടോ? എങ്ങനെയാണ് ലഭിച്ചത്? ലഭിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ കർത്താവിന്റെ സഭയുമായി ബന്ധപ്പെട്ടാൽ അവർ നിങ്ങളെ അതിനു സഹായിക്കും. അങ്ങനെ സഭയോട് ചേർക്കപ്പെട്ടാൽ മരണപര്യന്തം വിശ്വസ്തമായി അവന്റെ കൽപനപ്രകാരം ജീവിക്കുക.

★

# പെന്തെക്കൊസ്തു നാളും പെന്തെക്കൊസ്തു പ്രസ്ഥാനങ്ങളും

*J.C.* ചോട്ട്

ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പെന്തെക്കൊസ്ത് എന്ന വാക്ക് സുപരിചിതമായിരിക്കും. ആ വാക്കിന്റെ യഥാർത്ഥ അർത്ഥം പലർക്കും അറിഞ്ഞുകൂടാ എന്നത് പരമാർത്ഥമാണ്. പലരും ആ വാക്ക് സന്ദർഭത്തിനു യോജിക്കാത്ത വിധത്തിലാണ് എടുത്തിട്ടുള്ളത്. ആ വാക്ക് എടുത്തുകൊണ്ടു തിരുവചനത്തിനു അന്യമായ ഉപദേശങ്ങളും പരിശീലനങ്ങളും രൂപപ്പെടുത്തിയിരിക്കയാണ്. ദൈവഹിതത്തിനപ്പുറമായി വ്യതിചലിച്ചിരിക്കുന്ന സമൂഹങ്ങളെ നമുക്ക് ഇതിലൂടെ കാണാൻ കഴിയും. ദൈവ സന്നിധിയിൽ ഇതു സ്വീകാര്യമോ എന്നു ചിന്തിക്കുന്നതു നന്നായിരിക്കുമല്ലൊ.

പുതിയ നിയമത്തിലാണ് പെന്തെക്കൊസ്തു എന്ന പദം പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. പെസഹ കഴിഞ്ഞ് അമ്പതാം ദിവസം എല്ലായ്പ്പോഴും ഞായറാഴ്ച്ചയാണ് വരുന്നത്. യഹൂദന്മാരുടെ വർഷത്തിലെ മൂന്ന് പെരുന്നാളുകളിൽ മുഖ്യമായതാണ് പെന്തെക്കൊസ്ത്. പെസഹയും കൂടാരപെരുന്നാളും ആണ് മറ്റു രണ്ട് പെരുന്നാളുകൾ. കൊയ്ത്തു പെരുന്നാൾ എന്നു കൂടെ വിളിക്കുന്നുണ്ട് (പുറപ്പാട് 23:16). യഹോവക്കു ആദ്യ വിളവു കൊടുക്കുന്ന പെരുന്നാളും (ലേവ്യാപുസ്തകം 23:17) വാരോത്സവ പെരുന്നാളും അവർ ആഘോഷിക്കുമായിരുന്നു. (ആവർത്തനപുസ്തകം 16:10). ഈ വേദഭാഗങ്ങളിൽ സൂചിപ്പിക്കുന്നതുപോലെ യെഹൂദന്മാർ എല്ലാവരും അവരുടെ വിളവെടുപ്പു കാലം അവസാനിക്കുന്നതോടെ അവർ യഹോവയുടെ സന്നിധിയിൽ ചെന്നു ഈ പെരുന്നാൾ ആഘോഷിക്കയാണ് ചെയ്യുന്നത്.

ഇത്തരം ഒരു പെന്തെക്കൊസ്തു നാളിലാണ് ദൈവം തന്റെ സഭയുടെ ജന്മനാളായി തിരഞ്ഞെടുത്തത്. അതായത്, പെന്തെക്കൊസ്തു നാളിലാണ് കർത്താവിന്റെ സഭ ആരംഭിച്ചത് എന്നർത്ഥം.

യേശു തന്റെ വ്യക്തിപരമായ ശുശ്രൂഷാ സമയങ്ങളിൽ അപ്പൊസ്തലന്മാർ എന്ന പേരിൽ കുറെ പേരെ തിരഞ്ഞെടുത്തു പരിശീലിപ്പിക്കയും പഠിപ്പിക്കയും ചെയ്തു തന്റെ വേർപാടിനുശേഷം തന്റെ ദൗത്യം നിർവ്വഹിക്കുവാനാണ് യേശു അപ്രകാരം ചെയ്തത്. ഒരു

തെറ്റും സംഭവിക്കാത്ത രീതിയിൽ ആയിരുന്നു അതെല്ലാം നടന്നത്. അവൻ അവർക്ക് പരിശുദ്ധാത്മ ശക്തി വാഗ്ദാനം ചെയ്തിരുന്നു. ഒരു കാര്യസ്ഥനായി പ്രവർത്തിക്കേണ്ടതിനായിരുന്നു ആ വാഗ്ദാനം. അവൻ അവരെ പഠിപ്പിച്ചു സകല സത്യത്തിലും വഴി നടത്തി (യോഹന്നാൻ (14:26; 16:13). പരിശുദ്ധാത്മ ശക്തിയാൽ, യേശു അവരെ പഠിപ്പിച്ച സകല സത്യവും അവരെ ഓർമ്മപ്പെടുത്തി, സത്യം മാത്രം പഠിപ്പിക്കുവാനും, ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങൾ മുൻകൂട്ടി അറിയിക്കുവാനും അവർക്കു പ്രചോദനം ലഭിച്ചത് അങ്ങനെയായിരുന്നു. അന്നു പുതിയ നിയമം എഴുതപ്പെട്ടില്ലാതിരുന്നതിനാൽ അപ്പൊസ്തലന്മാരുടെ വാക്കുകൾ ദൈവത്തിന്റേതാണെന്ന് ആളുകളെ വിശ്വസിപ്പിച്ച് ഉറപ്പിക്കുവാൻ അവർ നടത്തിയതായ അത്ഭുതങ്ങൾ സഹായകരമായി തീർന്നു.

യേശുക്രിസ്തു മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റ ശേഷം അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മ ശക്തി ലഭിക്കുവോളം യെരുശലേമിൽ കാത്തിരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. (ലൂക്കൊസ് 24:49) പിന്നീട് അവർ യെരുശലേം, യെഹൂദ്യ, ശമര്യ, തുടങ്ങി ഭൂമിയുടെ അറ്റത്തോളം അവന്റെ സാക്ഷികൾ ആകേണം എന്നും ആജ്ഞാപിച്ചിരുന്നു (പ്രവൃത്തി 1:8). അവൻ അവരോടു പറഞ്ഞത്: "ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു (മത്തായി 28:19-20). ഇതിൽ നിന്നും മനസിലാക്കാവുന്ന കാര്യം വളരെ വ്യക്തമാണ്. കർത്താവിന്റെ കല്പനകൾ എല്ലാവരെയും അറിയിക്കയും ആളുകൾ അത് അനുസരിക്കയും വേണം. ലോകാവസാനത്തോളം കർത്താവ് അവരോടൊപ്പം ഉണ്ടാകും എന്നതായിരുന്നു വാഗ്ദാനം. അതുകൊണ്ടു അവർ അമിതമായ കൃപ അനുഭവിച്ചിരുന്നു.

ദൈവത്തിന്റെ ഭവനമായ സഭയുടെ ആരംഭത്തിനുവേണ്ടിയുള്ള ഒരുക്കങ്ങളായിരുന്നു അവയെല്ലാം. അതു ഭൂമിയിലെ ദൈവരാജ്യമാണ്. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പൊസ്തലന്മാൻ യെരുശലേം പട്ടണത്തിൽ കൂടിയിരുന്നു. അവർ തന്റെ

ആത്മാവിനെ അവരുടെമേൽ പകരുകയും ആദ്യമായി രക്ഷയുള്ള സന്ദേശം അവരാൽ പ്രസംഗിക്കപ്പെടുകയും ചെയ്തു.

അങ്ങനെ പെസഹകുഞ്ഞാടായിരുന്ന യേശുവിന്റെ ക്രൂശിലെ യാഗത്തിനുശേഷം വന്ന ആദ്യത്തെ പെന്തക്കൊസ്തു നാളിൽ, സഭ സ്ഥാപിതമായി. ലോകത്തിലുള്ള എല്ലാ യെഹൂദന്മാരും വന്നു ചേരുന്ന ഈ ദിവസം എല്ലാവർക്കും സുവിശേഷം കേൾക്കുവാൻ പറ്റിയ അവസരമായിരുന്നു. അന്നു സുവിശേഷം കേട്ട് അനുസരിച്ച വരെ കർത്താവ് രക്ഷിക്കുകയും തന്റെ സഭയോടു ചേർക്കുകയും ചെയ്തു. അവർ കുറെ നാൾ അവിടെത്തന്നെ താമസിച്ച് ആരാധിക്കുകയും സുവിശേഷ പ്രസംഗം നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ആ സുവിശേഷം കേട്ട് മറ്റനേകരും രക്ഷിക്കപ്പെടുകയും കൂട്ടായ്മ അനുഭവിക്കയും ചെയ്തു. പുതുതായി പരിവർത്തനം ചെയ്യപ്പെട്ടവർ തങ്ങളുടെ സ്വദേശങ്ങളിൽ മടങ്ങി പോയി വചനം പ്രസംഗിച്ചു. അങ്ങനെ അവിടെയെല്ലാം സഭ ആരംഭിക്കുകയും ചെയ്തു. ഇതു ദൈവത്തിന്റെ പദ്ധതി ആയിരുന്നു.

"പെന്തെക്കൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരുസ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി അവർ ഇരുന്നിരുന്ന കെട്ടിടം മുഴുവനും നിറെച്ചു. അഗ്നി ജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷയിൽ സംസാരിച്ചു തുടങ്ങി (പ്രവൃത്തി 2:1-4). പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർ അവിടെ ഒരുമിച്ചിരുന്നതും പരിശുദ്ധാത്മാവിന്റെ ശക്തി അവരുടെ മേൽ വന്നു അവർ അന്യ ഭാഷകളിൽ സംസാരിച്ചതും സുവിശേഷം കേട്ട് അനുസരിച്ച് 3,000 പേരെ കർത്താവ് രക്ഷിച്ച് തന്റെ സഭയോട് ചേർത്തരും ദൈവത്തിന്റെപദ്ധതി ആയിരുന്നു.

എന്നാൽ ഇന്നു ലോകത്തിനു ഈ പെന്തെക്കൊസ്തുമായി എന്താണ് ബന്ധം? യെഹൂദന്മാരെ സംബന്ധിച്ച് അവർ പെന്തെക്കൊസ്തു പെരുന്നാൾ ആഘോഷിക്കുന്നു. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ആ ദിവസത്തിന്റെ പ്രാധാന്യം (1) അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവ് പകർന്ന നാൾ (2) സുവിശേഷം യെഹൂദന്മാരോടു ആദ്യമായി പ്രസംഗിച്ച നാൾ (3) സഭയുടെ ആരംഭം

കുറിച്ച നാൾ എന്നിവ മാത്രമാണ്.

പക്ഷെ ഇന്നു മതപരമായി ധാരാളം ആളുകൾ പെന്തെക്കൊസ്തു അനുഭവത്തെ കുറിച്ച് പറഞ്ഞു കേൾക്കാറുണ്ട്. പലരും പെന്തെക്കൊസ്തുകാർ എന്നു അറിയപ്പെടുന്നു. ധാരാളം പേർ, തങ്ങൾ പെന്തെക്കൊസ്തു സഭയിലെ അംഗങ്ങളാണ് എന്നു അവകാശപ്പെടുന്നുണ്ട്. വേറെ ചില സഭക്കാരായ അസംബ്ലീസ് ഓഫ് ഗോഡ്, നസറീൻ സഭ, വിശുദ്ധ സഭ തുടങ്ങി കരിസ്മാറ്റിക് പോലുള്ള സഭാ വിഭാഗങ്ങളും പെന്തെക്കൊസ്തുകാർ എന്നു പറയാറുണ്ട്.

പെന്തെക്കൊസ്തിനെ കുറിച്ച് ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ട്. ആദ്യമായി സുവിശേഷം പ്രസംഗിക്കുവാനും സഭ ആരംഭിക്കുവാനും ദൈവം തിരഞ്ഞെടുത്ത ദിവസത്തേക്കാൾ അപ്പുറമായി ഈ ദിവസത്തിനു പ്രാധാന്യമില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഇതു ഓർമ്മിക്കുക. അതൊരു യെഹൂദ പെരുന്നാൾ ദിവസമായിരുന്നു. ക്രിസ്ത്യാനികൾ തങ്ങളെ തിരിച്ചറിയേണ്ടതിനു ധരിക്കേണ്ട നാമമല്ല. ആ ദിവസം ദൈവം തിരഞ്ഞെടുക്കാനുള്ള കാരണം എല്ലാ യെഹൂദന്മാർക്കും സുവിശേഷം കേൾക്കുവാനും രക്ഷ പ്രാപിക്കുവാനും ഉള്ള അവസരം ഒരുക്കുകയായിരുന്നു.

ആ കാലത്തിലുശേഷം ക്രിസ്ത്യാനികൾ ധരിക്കേണ്ട പേരായിരുന്നില്ല പെന്തെക്കൊസ്ത് എന്നത്. സഭയുടെ ആ ആരംഭ ദിവസത്തിനുശേഷം കർത്താവിന്റെ ജനത്തെ ഒരിക്കലും പെന്തെക്കൊസ്തുകാർ എന്നോ പെന്തെക്കൊസ്തു സഭ എന്നോ ബൈബിളിൽ വിളിച്ചിട്ടില്ല. അതിനു പകരം, വചനം അനുസരിച്ചവരെ ക്രിസ്ത്യാനികൾ എന്നും (പ്രവൃത്തി 11:26). സഭയെ ക്രിസ്തുവിന്റെ സഭ എന്നും ആണ് അറിയപ്പെട്ടിരുന്നത് (റോമർ 16:16).

✶

# ക്രസ്തുവിന്റെ സഭ എന്തുകൊണ്ടു വ്യത്യസ്തം?

## ചക്ക് വെബ്സ്റ്റർ

“ഉപകരണങ്ങൾ ഉപയോഗിച്ചു സംഗീതം ആലപിക്കാത്ത സഭ നിങ്ങളാണ് അല്ലേ? നിങ്ങൾ മാത്രമെ സ്വർഗ്ഗത്തിൽ പോകുകയുള്ളു

എന്നു കരുതുന്ന കൂട്ടം നിങ്ങൾ അല്ലേ? ഇങ്ങനെയോ അല്ലെങ്കിൽ ഇതുപോലെയുള്ളതോ ആയ പ്രസ്താവനകൾ കർത്താവിന്റെ സഭയെ കുറിച്ചു പറയുന്നതു കേട്ടിരിക്കാം.

ക്രിസ്തുവിന്റെ സഭയ്ക്ക് വ്യത്യാസമുണ്ട് എന്നു അധികം ആളുകൾക്കും പ്രത്യേകിച്ചു നാമധേയ വിഭാഗങ്ങൾക്കു അറിയാം. പക്ഷെ ആ വ്യത്യാസങ്ങൾ എന്തെല്ലാമെന്നു ശരിയായി പറയുവാൻ അവർക്കു അറിഞ്ഞുകൂടാ. അവർ ആരാധനയ്ക്കു വരുമ്പോഴോ മറ്റോ അവർക്കു പുറമെ കാണുന്ന വ്യത്യാസങ്ങൾക്കിടയിൽ വളരെ പ്രാമുഖ്യമായ വ്യത്യാസങ്ങൾ ഉണ്ട്. അവ ക്രിസ്തുവിന്റെ സഭയുടെ അടിസ്ഥാനത്തിൽ തന്നെ കിടക്കുന്നു. അവ മറ്റു മതപരമായ സമുദായങ്ങളിൽ നിന്നും കർത്താവിന്റെ സഭയെ വ്യത്യാസമുള്ളതാക്കുന്നു.

**മതപരമായി എന്തു ചെയ്യുവാനും ബൈബിൾ മാതൃകയാണ്**

അപ്പോൾ ഭൂരിഭാഗം നാമധേയ വിഭാഗങ്ങളും പിൻപറ്റുന്നതു അവർ തന്നെ എഴുതി ഉണ്ടാക്കിയ വിശ്വാസപ്രമാണങ്ങളോ വ്യാഖ്യാന പുസ്തകങ്ങളോ ആയിരിക്കും. എന്നാൽ ക്രിസ്തുവിന്റെ സഭയ്ക്കു അത്തരം നിയമാവലികൾ ഇല്ല. കാരണം ദൈവ വചനത്തിൽ മനുഷ്യന്റെ ജീവനും ഭക്തിക്കും ആവശ്യമായതൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതത്രെ (2 തിമൊഥെയൊസ്). തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലൊ (2 പത്രൊസ് 1:3). ദൈവം നമുക്കു വേണ്ടിയതു എല്ലാം നല്കിയിരിക്കുമ്പോൾ മറ്റു നിയമാവലികളോ പുസ്തകങ്ങളോ ആവശ്യമുണ്ടോ? ഇല്ല. തന്നെയുമല്ല ബൈബിളിൽ എഴുതി വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ നാം വായിച്ചാൽ നമുക്കു ഗ്രഹിക്കാം (എഫെസ്യർ 3:3) ദൈവ വചന സത്യം ആളുകൾ അറിയും എന്നും അതു അവരെ സ്വതന്ത്രമാക്കുമെന്നും യേശു പറയുകയുണ്ടായി (യോഹന്നാൻ 8:32). നാം അറിയേണ്ടതെല്ലാം

ബൈബിളിൽ വെളിപ്പെടുത്തിയിട്ടുണ്ട്

## ബൈബിളിലെ നിശബ്ദതയെ മാനിക്കണം

ചരിത്രത്തിൽ മുഴുവനും ഏതാനും ആളുകൾ അവലംബമാക്കിയിരിക്കുന്ന ഒരു പൊതുവായ തത്വം അനേകം ഭൂപ്രദേശങ്ങൾക്കു വഴി തെളിക്കുകയുണ്ടായി. ബൈബിളിൽ പ്രത്യേകമായി വിലക്കിയിട്ടില്ലാത്ത കാര്യങ്ങളെ പഠിപ്പിച്ച് ആചരിപ്പിക്കുന്ന രീതിയാണ് പരാമർശിക്കുന്നത്. പിന്നീട് അതു ഒരു പരിശീലനമായി തുടരാൻ അനുവദിക്കുന്നു.

ധാരാളം നാമധേയ വിഭാഗങ്ങളിൽ ഈ തത്വം ഇന്നും ആവർത്തിക്കുന്നുണ്ട്. എന്നാൽ പഴയ നിയമകാലത്തു ദൈവം മനുഷ്യരോടു എങ്ങനെ ഇടപ്പെട്ടിരിക്കുന്നു എന്നു നോക്കുക. മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ ദൈവത്തിന്റെ പുരോഹിതന്മാരായിരുന്ന നാദാബിനെയും അബീഹുവിനെയും ഉദാഹരണമായി എടുക്കാം (ലേവ്യാപുസ്തകം 10:1-2). ഏതു തരത്തിലുള്ള അഗ്നിയാണ് പുരോഹിതന്മാർ തനിക്കു അർപ്പിക്കേണ്ടതു എന്നു ദൈവം പറഞ്ഞിരിക്കുന്നു. പക്ഷെ ഏതെല്ലാം അഗ്നികൾ ഉപയോഗിക്കരുത് എന്നു പറഞ്ഞിരുന്നില്ല. അവർക്കു എന്തു ചെയ്യാമെന്നു അവൻ അവരോടു അരുളിചെയ്തിരുന്നു. അതിൽ മറ്റുള്ളവ ഒഴിവാക്കാനുള്ള കാര്യവും ഉൾപ്പെടുന്നു. എന്തു കാരണത്താലായാലും ദൈവം പറയാത്ത അഗ്നി ഉപയോഗിച്ചതിനാൽ സ്വർഗ്ഗത്തിൽ നിന്നു അവരെ ദഹിപ്പിച്ചുകളഞ്ഞു. മാനുഷികമായി നോക്കുമ്പോൾ അവർ ചെയ്ത തെറ്റു നിസാരം. പക്ഷെ ദൈവസന്നിധിയിൽ ഏതു തെറ്റും ഒരുപോലെയാണ്.

മുകളിൽ കണ്ട ഉദാഹരണത്തിൽ നിന്നും നോഹയുടെ കാലത്തെ സംഭവത്തിൽ നിന്നും നാം പഠിക്കുന്ന പാഠം എന്ത്? (ഉല്പത്തി 6:9). ദൈവം പറഞ്ഞ മാതൃകയിലും രീതിയിലും മാത്രമെ നാം കാര്യങ്ങൾ ചെയ്യാവു. അതിനെ മാറ്റുവാനോ പകരം മറ്റെന്തെങ്കിലും ചെയ്യുവാനോ പാടില്ല. അക്കാരണത്താലാണ് ഞങ്ങളുടെ ആരാധനാ സ്ഥലങ്ങളിൽ ഉപകരണങ്ങൾ ഒന്നും കാണാത്തതു. അതുപയോഗിക്കുന്നവർ അനവധി ന്യായീകരണങ്ങൾ നിരത്തിയേക്കാം. അത്തരം നിയമം നിശബ്ദതക്കു ഭംഗം വരുത്തുന്നതല്ലേ? പുതിയ നിയമത്തിൽ◌േ പാട്ടു പാടുവാൻ പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധി

ക്കുക (എഫെസ്യർ 5:19; കൊലൊസ്യർ3:16).

ദൈവവചനത്തെ മാനിക്കുന്നവർ അതിനോടു കൂട്ടുവാനോ അതിൽ നിന്നു എന്തെങ്കിലും മാറ്റം വരുത്തുവാനോ ശ്രമിക്കുകയില്ല. അങ്ങനെ ചെയ്താൽ അതു ദൈവത്തെ കോപിപ്പിക്കും. ആർക്കു ഇന്ന പ്രവർത്തി ചെയ്യാമെന്നു ദൈവം അരുളിചെയ്തിട്ടുണ്ട്. അങ്ങനെയാണ് ഓരോരുത്തരും പ്രവർത്തിക്കേണ്ടത്. ഞാൻ മറ്റൊരാൾ ചെയ്യേണ്ട പ്രവൃത്തി ചെയ്യുവാൻ പാടില്ല. അങ്ങനെ ചെയ്താൽ അതു ദൈവമുൻപാകെ തെറ്റാണ്. ഉസ്സായ്ക്കു പറ്റിയത് അതാണ്. നിയമ പെട്ടകം വഹിച്ചുകൊണ്ടുപോയ കാള വിരണ്ടപ്പോൾ പെട്ടകം വണ്ടിയിൽ നിന്നുപോയേക്കുമോ എന്ന ഭയത്താൽ പിടിച്ചുപോയി. ഉടനെ മരണമായിരുന്നു സംഭവിച്ചത്. എഴുതപ്പെട്ട വചനത്തിൽ തന്നെ നാം തൃപ്തരാകണം.

സ്വന്തമനസാക്ഷിയിൽ ചൂടു വയ്ക്കുന്നവരായി വിവാഹം വിലക്കുന്നവരുണ്ട്. എന്നിട്ടു വ്യഭിചാരം ചെയ്യുവാൻ പോകും. പക്ഷെ അനന്തരഫലം പാപമായിത്തീരുന്നു. നാം ദൈവം വ്യക്തിപരമായ ആഗ്രഹങ്ങളെ നിറവേറ്റുവാൻ എന്താണ് വെച്ചിരിക്കുന്നത് അതു നാം വായിച്ചു ഗ്രഹിക്കണം.

ആരംഭം മുതൽ ദൈവം ഒരു മാതൃക വെച്ചിട്ടുണ്ട്. യേശു അപ്പൊസ്തലന്മാരും പ്രാരംഭ സഭയും വചനത്തിലൂടെ നമുക്കതു കാണിച്ചുതന്നിട്ടുണ്ട്. അതാണ് നാം പരിശോധിക്കേണ്ടത്. എഴുതിയിരിക്കുന്നതിനപ്പുറം നാം ഭാവിക്കരുത് (1 കൊരിന്ത്യർ 4:6). നമുക്കു വെളിപ്പെടുത്തിയിട്ടുള്ള സത്യത്തിൽ നിന്നാലെന്താണ് കുഴപ്പം? യിസ്രായേൽ ജനത്തിനു പറ്റിയ കുഴപ്പം അവർ ദൈവപദ്ധതിയിൽ ഒതുങ്ങി നിന്നില്ല എന്നതാണ്. അതുകൊണ്ട് അവർക്ക് വളരെ കഷ്ടം അനുഭവിക്കേണ്ടി വന്നു. ദൈവവാഗ്ദാനങ്ങളിൽ വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നിനു വേണ്ടി ആഗ്രഹിക്കുകയില്ല.

ഇന്നു നമ്മുടെ ഉദ്ദേശം എന്തായിരിക്കണം? ദൈവത്തിന്റെ പൂർണ്ണമായ വെളിപ്പാടായ പുതിയനിയമം നാം വായിച്ചു ഗ്രഹിക്കണം. ഇന്നത്തെ മതപരമായ ഏക അധികാരി യേശുക്രിസ്തു മാത്രമാണ്. അവന്റെ നിയമത്തെ നാം മറികടക്കരുത്. അതിൽ കർത്താവു പറഞ്ഞിരിക്കുന്നതെല്ലാം ഞാൻ അനുസരിക്കാം എന്നു തീരുമാനം എടുക്കുക. മറ്റുവിശ്വാസങ്ങളെയും ആചാരങ്ങളെയും വേണ്ട എന്നു

വെക്കണം. അത്തരം ഉറച്ച തീരുമാനം എടുക്കുക. അതനുസരിച്ചു ജീവിതത്തെ ക്രമപ്പെടുത്തുക. സർവ്വലോകത്തിനുമായി ഏകരക്ഷകനേയുള്ളു. അതിനു നിങ്ങൾ മനസു വെക്കും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

✶

## പേരിൽ എന്തിരിക്കുന്നു?

### ഗ്യാരി. സി. ഹാമ്ടൺ

നൂറുകണക്കിനു വ്യത്യസ്തമായ സമൂഹങ്ങൾ വിവിധ പേരുകളിൾ നാമധേയ വിഭാഗങ്ങളായി, അനേക നാമങ്ങളാൽ തരം തിരിച്ചിരിക്കുകയാണ്. ടെലിഫോൺ ഡയറക്ടറി നോക്കിയാൽ പോലും അസംഖ്യം വിഭാഗങ്ങളുടെ പേർ കണ്ടെത്താം, കത്തോലിക്കാ, ദൈവ സഭ, എപ്പിസ്കോപ്പൽ ലൂഥറൻ, ബാപ്റ്റിസ്റ്റ്, ബൈബിൾ ചർച്ച്, ചർച്ച് ഓഫ് ക്രൈസ്റ്റ്, പ്രെസ്ബിറ്റേറിയൻ, ശാബത്ത് മിഷൻ, കത്തോലിക്കാ, യാക്കോബാ, യെഹോവാ സാക്ഷികൾ, പെന്തെകൊസ്തു മിഷൻ, ബൈബിൾ ഫെയ്ത്ത് മിഷൻ, ഫുൾ ഗോസ്പൽ ചർച്ച്, മർത്തോമാ ചർച്ച്. എന്നു തുടങ്ങി ധാരാളം പേരുകൾ ഇന്നു അറിയപ്പെടുന്നുണ്ട്. ചിലതെല്ലാം ബൈബിളിൽ ഉള്ളതും അധികവും തിരുവെഴുത്തിൽ കാണാത്തതും അത്രെ. ദൈവത്താൽ വിളിക്കപ്പെട്ടവരും അല്ലാത്തവരും എന്ന് ഇതിനെ നമുക്ക് വേർതിരിക്കാം. നാം സ്വീകരിച്ചിരിക്കുന്ന പേരിനു വല്ല മാഹാത്മ്യവുമുണ്ടോ? മതപരമായി സഭ എന്തു പേരിലാണ് അറിയപ്പെടേണ്ടത്?

**ബൈബിളിൽ പേരുകളുടെ പ്രാധാന്യം**

ബൈബിളിൽ കൊടുത്തിരിക്കുന്ന പേരുകൾക്കെല്ലാം വളരെ പ്രാധാന്യം ഉണ്ട്. അബ്രാം എന്ന വാക്കിനു വിശിഷ്ട പിതാവ് എന്നർത്ഥം. പിന്നീട് ദൈവം ആ പേർ മാറ്റി അബ്രഹാം എന്നാക്കി. അർത്ഥമോ ബഹുജാതികളുടെ പിതാവ് എന്നത്രെ (ഉല്പത്തി 17:1 -8). സാറായി എന്ന വാക്കിനു എന്റെ രാജകുമാരി എന്നർത്ഥം. എന്നാൽ ദൈവം അവളുടെ പേർ സാറാ എന്നാക്കി. അതിന്റെ അർത്ഥം ബഹുജാതികളുടെ രാജകുമാരി എന്നാണ് (ഉല്പത്തി 17:15-16), വാഗ്ദത്ത സന്തതിയായ യിസഹാക്ക് ജനിക്കുമ്പോഴാണ്

പേരു മാറ്റത്തിന്റെ പ്രസക്തി നാം തിരിച്ചറിയുന്നത്. യിസഹാക്കിനും അവന്റെ പിൻഗാമിക്കും ദൈവം നല്കിയ പുതിയ പേരുകൾ അവർ മുഖാന്തരം ഭൂമിയിലെല്ലാം വ്യാപിച്ചു. ഏശാവിന്റെ സഹോദരൻ യാക്കോബ് എന്ന പേരു കുതികാൽ പിടിക്കുന്നവൻ, പകരം അവരോധിക്കപ്പെട്ടവൻ എന്നാക്കി. ദൈവദൂതനോടുമല്ലിട്ടു ജയിച്ച രാത്രിയിൽ അവന്റെ പേർ ദൈവം, യിസ്രായേൽ എന്നു മാറ്റി. അതിന്റെ അർത്ഥം ദൈവത്തോടു മല്ലിട്ടവൻ എന്നത്രെ (ഉല്പത്തി 32:22-32). ശീമോൻ എന്ന വാക്കിനു കേൾക്കുന്നു എന്നർത്ഥമായിരുന്നു. യേശു അവന്റെ പേർ, ഒരു ചെറിയ കല്ല് എന്നർത്ഥം വരുന്ന പത്രൊസ് എന്നു മാറ്റി (യോഹന്നാൻ 1:40-42).

ശാഠ്യക്കാരായ യിസ്രായേൽ ജനത്തോടു ഇടപെടുമ്പോൾ ദൈവം ഹോശെയാവിനോടു ദേശത്തിന്റെ വിഗ്രഹാരാധികളായ മ്ലേഛത പ്രവർത്തിക്കുന്നവരിൽ നിന്നു ഒരു സ്ത്രീയെ ഭാര്യയാക്കി എടുക്കാൻ ആവശ്യപ്പെട്ടു. അവളുടെ രണ്ടാമത്തെ മകൾ വ്യഭിചാരത്തിൽ ഗർഭിണിയായി ഒരു പെൺകുട്ടിയെ പ്രസവിച്ചു. അവൾക്കു രൂഹമ-കരുണ ലഭിക്കാത്തവൾ എന്നു പേരിട്ടു. ദൈവം യിസ്രായേൽ ഗൃഹത്തോടു കരുണ കാണിക്കയില്ല എന്നർത്ഥം. അടുത്ത കുട്ടി ആൺകുട്ടിയായിരുന്നു. അവനു ലോ-അമ്മി എന്നു പേരിട്ടു. അതിനർത്ഥം "എന്റെ ജനമല്ലാത്തവൻ എന്നത്രെ. യിസ്രായേൽ ജനത്തിന്റെ മത്സരബുദ്ധിയും ശാഠ്യവും നിമിത്തം ദൈവം വിഷമിച്ചു. അങ്ങനെ അവൻ പറഞ്ഞു. നിങ്ങൾ എന്റെ ജനമല്ല, ഞാൻ നിങ്ങളുടെ ദൈവവുമല്ല (ഹോശെയാ 1:1-9)

മഹത്തായ ശ്രേഷ്ഠ നാമങ്ങൾ നമ്മുടെ കർത്താവിനായി സൂക്ഷിച്ചിരുന്നു. ദൈവദൂതൻ യോസേഫിനു പ്രത്യക്ഷനായി പറഞ്ഞതു: അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു (മത്തായി 1:21). യെശയ്യാവ് 7:14 ഉദ്ധരിക്കുകയുമുണ്ടായി. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമാനുവേൽ എന്നുപേർ വിളിക്കും". ദൈവത്തിന്റെ അഭിഷിക്തനാകയാൽ ഇവനെ ക്രിസ്തു എന്നു വിളിച്ചിരുന്നു. അവൻ നമ്മെ വിലെക്കുവാങ്ങി വീണ്ടെടുത്ത പരമാധികാരിയായിരിക്കയാൽ നാം

അവനെ നമ്മുടെ കർത്താവ് എന്നു വിളിക്കുന്നു (റോമർ 7:24-25; 1 കൊരിന്ത്യർ 6:19-20). നമ്മുടെ രക്ഷക്കായി നാം വായി കൊണ്ടു യേശുവിനെ കർത്താവു എന്നു ഏറ്റുപറയണം എന്നു കല്പിച്ചി രിക്കുന്നു (റോമർ 10:9-10). ഈ മുൻപറഞ്ഞ നാമധേയ വിഭാഗക്കാർ എല്ലാം തന്നെ യേശുവിനെ ദൈവ വചനത്തിൽ സൂചിപ്പിച്ചിരിക്കുന്ന പേരുകൾ മാത്രമേ വിളിക്കുന്നുള്ളു എന്നതു ആശ്വാസകരം.

## ദൈവജനത്തിനായി ഒരു പുതിയ പേർ

ദൈവത്തിന്റെ അരുളപ്പാട് എന്തെന്നാൽ, സീയോനെ കുറിച്ചു മിണ്ടാതെ ഇരിക്കുകയില്ല. യെരുശലേമിനെ കുറിച്ച് ഞാൻ അടങ്ങി യിരിക്കയുമില്ല. അതിന്റെ നീതി പ്രകാശം പോലെയും അതിന്റെ രക്ഷ, കത്തുന്ന വിളക്കു പോലെയും വിളങ്ങി വരുവോളം തന്നെ (യെശയ്യാവ് 62:1-2). ആ കാലത്തു ജാതികളും മറ്റു ദേശക്കാരും കർത്താവിന്റെ നീതിയെ കാണും. ദൈവ ജനത്തിനു ഒരു പുതിയ പേർ വിളിക്കപ്പെടും. പുതിയ നിയമ കാലഘട്ടത്തിലെ ചരിത്രം നോക്കിയാൽ അന്ത്യോക്യയിലാണ് ആദ്യത്തെ നാമം വിളിക്കപ്പെടു ന്നത് എന്നു കാണാം. യെഹൂദന്മാരും ഗ്രീക്കുകാരും ഉൾപ്പെട്ട ഒന്നാ യിരുന്നു അത്. അവിടെ വെച്ചാണ് കർത്താവിന്റെ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന പേർ വിളിക്കപ്പെട്ടത് (പ്രവൃത്തി 11:26)

ക്രിസ്തുവിന്റെ സഭയ്ക്കു ദൈവം വിളിച്ചിരുന്ന പേരല്ലാതെ മറ്റൊന്ന് സ്വീകരിക്കുന്നതെന്തിന്? സഭ ക്രിസ്തുവിന് നമ്മെ പോലെ ഒരു ശരീരമാണെന്നോർമ്മിക്കുക(എഫെസ്യർ 1:22-23). ക്രിസ്തുവിന് നമ്മെ പോലെ ഒരു ശരീരമാണുള്ളത് (എഫെസ്യർ 4:4). നമ്മിൽ ആരെങ്കിലും തലയെ ഒരുപേരിലും ശരീരത്തെ മറ്റൊരു പേരിലും അറിയപ്പെടാൻ ആഗ്രഹിക്കുമോ? അതുപോലെ, സഭ എന്നതു ക്രിസ്തുവിന്റെ മണവാട്ടിയാണ് (എഫെസ്യർ 5:22-23). തന്റെ ഭാര്യ വേറൊരു ആളുടെ പേരിൽ അറിയപ്പെടുന്ന ഭർത്താവ് ഉണ്ടോ? പരി ശുദ്ധാത്മാവിനെ അയച്ച പിതാവും പുത്രനും ഈ കാര്യത്തിൽ ഐക മത്യപ്പെട്ടു രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. സഭ (പ്രവൃത്തി 2:47; കൊലൊസ്യർ 1:18). ക്രിസ്തുവിന്റെ സഭകൾ (റോമർ 16:16). ക്രിസ്തുവിന്റെ ശരീരം എന്നും വിളിച്ചിട്ടുണ്ട് (റോമർ 12:4-5).

# അതു കാൽവരിയിൽ സംഭവിച്ചു

## ജോണി രാംസെ

വളരെ കാലം മുൻപ് ദൂരെ സംഭവിച്ച കാര്യങ്ങൾ ഓരോ ദിവസവും എന്നെ ഓർമ്മിപ്പിക്കയുണ്ടായി. അതിന്റെ ശക്തിയും മനോഹാരിതയും എപ്പോഴും എന്റെ മനസിൽ പുതുമയോടെ നിലനിന്നിരുന്നു. എന്റെ രക്ഷകൻ കാൽവരി ക്രൂശിലെ ഭീഷണി ഏറ്റുവാങ്ങി ഏകമകനായി മരിച്ചതു എനിക്കു വേണ്ടിയായിരുന്നു. ആ സ്മരിക്കപ്പെടേണ്ട സന്ദർഭം, നമുക്കു ലഭിക്കുവാനുള്ള പ്രത്യാശ നിത്യമാക്കിതീർത്തു. യേശുവിന്റെ ക്രൂശിലെ മരണത്തിനല്ലാതെ മറ്റൊന്നിനും അതിനു മുൻപോ പിൻപോ മനുഷ്യജീവിതത്തെയോ ലക്ഷ്യത്തെയോ മാറ്റുവാൻ കഴിഞ്ഞില്ല. ഇതു വ്യക്തിപരമായി ഓരോരുത്തർക്കും അനുഭവപ്പെടേണ്ടതിനുള്ള പ്രവർത്തിയായിരുന്നു. അതുകൊണ്ട് നമുക്കു നമ്മുടെ യജമാനനോടു ഭക്തിയും നന്ദിയും ഉണ്ടാകണം. ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഒരു സംഭവമായിരുന്നു അത്.

ഒരു സുവിശേഷ ഗാനത്തിൽ ഈ രംഗത്തെ ചിത്രീകരിക്കുന്നതു നമ്മെ ചിന്തിപ്പിക്കും. അവനെ ജനക്കൂട്ടം നിന്ദിക്കുമ്പോൾ ഞാൻ അവിടെയില്ലായിരുന്നു. അവനെ ലജ്ജാപാത്രമായി നടത്തിക്കൊണ്ടുപോയപ്പോൾ ക്രൂശ് ചുമപ്പാൻ ഞാൻ നിർബന്ധിച്ചില്ല. ദൈവത്തിന്റെ ഏക പുത്രനെ വേദനിപ്പിക്കുവാൻ ഒരൊറ്റ കാര്യവും ഞൊൻ ചെയ്തില്ല. എന്നാൽ ഞാൻ ഭൂമിയിൽ ഓരോ സമയവും പാപം ചെയ്യുമ്പോൾ, “അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക” എന്നു ആർത്തുവിളിച്ചതു ഞാനായിരുന്നു. എന്ന തോന്നൽ എനിക്കുണ്ടാകുന്നു. അവന്റെ ക്രൂശിനെ ഉയർത്തിയത് ഞാൻ നിമിത്തമല്ലേ? അവന്റെ ക്രൂശിന്റെ ഭാരം വർദ്ധിപ്പിച്ചതു ഞാൻ കാരണമായിരുന്നു. ഞാൻ, അവൻ മരിക്കുന്നതു നോക്കിയിരിക്കുകയായിരുന്നോ? എന്താണ് ഞാൻ ചെയ്തത്? ഞാൻ, ഞാൻ തന്നെ കാരണം. ഈ വരികളിൽ ഗാനരചയിതാവു തന്റെ സ്വന്തം അപരാധങ്ങളെ കണ്ടെത്തുകയാണ്. മറ്റുള്ളവരുടെ തെറ്റുകൾ കണ്ടെത്തുവാൻ നിഷ്പ്രയാസം കഴിയും. സ്വന്തം ബലഹീനതകൾ കണ്ടെത്തുന്നതാണ് വിവേക ബുദ്ധി.

ആ വേദനാജനകമായ ദിവസം ദൈവസ്നേഹമാണ് പ്രകാശിത

മായത്. ദൈവ നീതിയും അവന്റെ കരുണയും പ്രദർശിപ്പിച്ചത് എത്ര പേർക്കു തിരിച്ചറിയാൻ കഴിഞ്ഞു. എന്നതാണ് പ്രശ്നം. പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്ത്രോത്രം ചെയ്യുകയാണ് അപ്പൊസ്തലനായ പൗലൊസ് (2 കൊരിന്ത്യർ 9:15). അപ്രമേയമായതാകാൻ കാരണം അതു ദൈവിക പ്രവർത്തിയായതിനാലാണ്. യേശു നമുക്കു വേണ്ടി മരിച്ചു എന്നുപറഞ്ഞാൽ നമ്മുടെ അകൃത്യങ്ങൾ നിമിത്തം എന്നർത്ഥം. പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏല്പിച്ചുകൊടുത്തവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ (ഗലാത്യർ 1:3-4). അവൻ ക്രൂശിലെ മരണത്തോളം അനുസരണം ഉള്ളവനായി തീർന്നു (ഫിലിപ്പിയർ 2:8). നമ്മെ വീണ്ടെടുക്കേണ്ടതിനു അവൻ രക്തം ചിന്തി (റോമർ 5:9). കാൽവരിയിൽ ശുദ്ധീകരണത്തിനുള്ള മാർഗ്ഗം തുറന്നപ്പോൾ മനുഷ്യനിലെ പാപത്താലുള്ള അശുദ്ധിയിൽ നിന്നു രക്ഷപ്പെടുവാനുള്ള സാഹചര്യം ഉണ്ടായി. പ്രത്യാശയുടെ പ്രകാശരശ്മി തെളിഞ്ഞു കണ്ടു (വെളിപ്പാട് 1:5).

നഷ്ടപ്പെട്ട മനുഷ്യർക്കു അന്നു നടന്ന ക്രൂശിലെ യേശുവിന്റെ മരണം, ജീവിതത്തിലെ മഹത്തായ നേട്ടമായി നാശത്തിന്റേയും നിരാശയുടേയും പടുകുഴിയിൽ കിടന്നവർക്കു രക്ഷപ്പെടുവാനുള്ള ഒരു സ്വർഗ്ഗീയ വിളിയായി മാറിയിരുന്നു അത്. സ്വന്തം വീട്ടിൽ സുഭിക്ഷത അനുഭവിച്ചയാൾ പുറത്തുപോയി അകൃത്യത്തിൽ ജീവിച്ചു പന്നികൾക്കിടയിൽ കഴിയേണ്ടി വന്നു. എന്നാൽ അവൻ തിരിച്ചു വീട്ടിലേയ്ക്ക് വന്നപ്പോൾ ആ പിതാവു അവനെ ഓടിച്ചെന്നു ആശ്ലേഷിച്ചു (ലൂക്കൊസ് 15:11-31). ഒരിക്കൽ എല്ലാവർക്കുമായി മരിക്കാൻ നിർബന്ധിതനായ ക്രിസ്തുവാണ് നമുക്ക് തിരിച്ചു ദൈവഭവനമാകുന്ന അവന്റെ സഭയിലേക്ക് പ്രവേശിക്കുന്നതിനു അവസരം ഒരുക്കിയത് (2 കൊരിന്ത്യർ 5:14). അതു നമ്മെ തികവുള്ള, ധനികമായ, ഉദ്ദേശ ശുദ്ധിയുള്ള, നന്ദിയുള്ള അനുസരണ ജീവിതം നയിക്കാൻ ഉപയുക്തമായി. അതു വീണ്ടും നിഷേധിക്കുക എന്നു പറഞ്ഞാൽ കിട്ടിയ സൗഭാഗ്യത്തെ വലിച്ചെറിയുക എന്നാണർത്ഥം.

പാപം നിമിത്തം നിങ്ങളുടെ തകർന്ന ജീവിതത്തിലേക്കു ക്രിസ്തുവിനെ കൊണ്ടു വരാൻ ശ്രമിക്കുക. അവൻ നിങ്ങളെ പുതിയ സൃഷ്ടിയാക്കും. നിങ്ങളെ പുതുതായി പണിയും. നിങ്ങൾ പാഴാക്കിയ ശൂന്യമായ വർഷങ്ങൾ പോകട്ടെ. അതിനു പകരം പ്രയോജനപ്രദമായ അനുഗ്രഹ വർഷങ്ങൾ ലഭ്യമാകട്ടെ. അവനു മാത്രമേ നിങ്ങളെ യഥാസ്ഥാനപ്പെടുത്താൻ കഴിയു. അതു ഒരിക്കൽ ക്ഷമിച്ചാൽ പിന്നീട് ഓർക്കയില്ല. കർത്താവിന്റെ ദയയും മനസലിവും കരുണയും കാഴ്ചയാക്കിയതു വെറുതെ കളയാതിരിക്കുക. നിങ്ങൾ മനസുവെച്ചാൽ ദൈവം നിങ്ങൾക്കായി പ്രവർത്തിക്കും. കാൽവരിയിലെ ക്രിസ്തുവിങ്കലേക്കു നോക്കുക. നിങ്ങളുടെ ഭാരങ്ങൾ വഹിച്ച നാഥനെ നിങ്ങൾക്കു കാണാം പക്ഷെ നിങ്ങളുടെ ഉൾക്കണ്ണു തുറന്നാൽ മാത്രമേ ഇതു കാണുവാൻ സാധിക്കു.

✶

# ദുരഭിപ്രായത്തെ നിരസിക്കൽ

## ഗ്ലെൻ കോള

ദുരഭിപ്രായത്തെ കുറിച്ചുള്ള ഒരു സംഭാഷണം യോഹന്നാൻ നാലാം അദ്ധ്യായത്തിൽ നമുക്കു കാണാം. ശമര്യക്കാരി സ്ത്രീയിൽ അതിന്റെ ജാള്യത അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടാണ് അവൾ ചോദിക്കുന്നത്: യെഹൂദനായിരിക്കുന്ന നീ, ശമര്യക്കാരിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നുവോ" എന്ന്. യെഹൂദന്മാർ അന്ന് ശമര്യക്കാരുമായി യാതൊരു സമ്പർക്കവും പുലർത്തിയിരുന്നില്ല (യോഹന്നാൻ 4:9)

ശമര്യക്കാരെ സങ്കര വർഗ്ഗക്കാരായിട്ടാണ് അറിയപ്പെടുന്നത്. പകുതി യെഹൂദനും പകുതി അശൂര്യനും ആയിട്ടുള്ള സങ്കര വർഗ്ഗമായിരുന്നു അവർ. 700 വർഷങ്ങൾക്കു മുൻപ് അശൂര്യരാൽ പാർപ്പിക്കപ്പെട്ടതാണ് അവരെ ഇവിടെ (2 രാജാക്കന്മാർ 17:6; എബ്രാ 5:1-10). അവർ പൊതുവായി ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ അംഗീകരിച്ചിരുന്നു. അവരുടെ പ്രതീക്ഷ, മശിഹ വരുമ്പോൾ യെരുശലേമിൽ അല്ല ശമര്യയിൽ കേന്ദ്രീകരിച്ചു വാഴ്ച്ച നടത്തും എന്നായിരുന്നു.

ദുരഭിപ്രായത്തിന്റെ ഫലമായി ഉണ്ടാകാവുന്ന അനിഷ്ടത്തിന്റെ യാതൊരു ലക്ഷണവും യേശു കാണിച്ചില്ല. അവൻ അവളോടു ദയാപൂർവ്വം സംസാരിച്ചു. ചിലപ്പോൾ കർശനമായും സംസാരിക്കയുണ്ടായി. അവൻ സർവ്വ മനുഷ്യരുടേതെന്നപോലെ അവളുടേയും മശിഹ ആണെന്നു അവൻ വ്യക്തമാക്കി. മനുഷ്യരുടെ തടസങ്ങൾ ഒന്നും അവൻ ഗണ്യമാക്കിയതേയില്ല. പത്രൊസ് ഇതു മനസിലാക്കി സത്യം തുറന്നു പറയുന്നുണ്ട്. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. ജാതിവ്യത്യാസം, വർഗ്ഗവ്യത്യാസം, എന്നിവയൊന്നും കർത്താവ് കണക്കാക്കുകയില്ല. ഏതു ജാതിയായാലും ഏതു ദേശത്തായാലും അവനെ ഭയപ്പെട്ടു അവന്റെ കല്പനകൾ അനുസരിക്കുന്നവരെ അവൻ കൈക്കൊള്ളും (പ്രവൃത്തി 10:34, 35).

വർഗ്ഗത്തിന്റെയും ജാതിയുടേയും പേരിൽ ജോലി സംവരണം നടത്തി കൊണ്ടിരിക്കുന്ന രാജ്യങ്ങൾ ചിലതുണ്ട്. വകഭേദം ഇല്ലാത്തവൻ വകഭേദം പ്രവർത്തിക്കുന്ന സ്ഥിതിയാണിത്. താഴ്ന്ന വരുമാനത്തിൽ കിടക്കുന്നവരെ ഉയർത്തിക്കൊണ്ടുവരുവാൻ ശ്രമിക്കുകയാണ്. ഫലമോ വൈരുദ്ധ്യങ്ങൾ തുടരുന്നു എന്നതാണ്. യോഗ്യതയുള്ളവരെ പുറന്തള്ളി, യോഗ്യതയില്ലാത്തവരെ ഓരോ സ്ഥാനങ്ങളിൽ ഇരുത്തുമ്പോൾ ശരിയായ പ്രവർത്തനം ഒരിക്കലും ഉണ്ടാകയില്ല. എന്നാൽ നാം ചെയ്യുന്ന ഏതൊരു പ്രവർത്തിയായാലും അതിൽ നിന്നുണ്ടാകുന്ന ഫലത്തെ കുറിച്ച് ബോധവാന്മാരാകണം. വ്യക്തിയുടെ കഴിവുകൾ കണ്ടെത്തി പരമാവധി ഉപയോഗിക്കുവാൻ അവസരം കൊടുക്കണം. നല്ല അദ്ധ്വാനത്തിനു നല്ല പ്രതിഫലം കൊടുക്കുകയും വേണം. സമ്പ്രദായങ്ങളും ദുരഭിപ്രായങ്ങളും പലരെ അടിച്ചമർത്തിയിട്ടുണ്ട്. ഉച്ചനീചത്വങ്ങൾ സമൂഹത്തിൽ നിന്നു ദൂരീകരിക്കണം. മനുഷ്യരുടെ ഹൃദയങ്ങളിൽ നിന്നു തന്നെ തുടച്ചു നീക്കേണ്ട ഒന്നാണിത്.

ഈ വിഷയങ്ങളിൽ യേശുക്രിസ്തു ഇന്നും ചിന്തിക്കുന്നത് ഒരേ വിധത്തിലാണ്. പാപത്തെ സംബന്ധിച്ച ദുരഭിപ്രായങ്ങൾ പരിഹരിക്കുവാനുള്ള ഏതാനും നിർദേശങ്ങൾ സ്വയം ഉൾക്കൊള്ളുക. മനുഷ്യർ നമ്മോടു ചെയ്യണമെന്ന് ആഗ്രഹിക്കുന്നത് നാം അവരോട് ചെയ്യണം എന്ന തത്വം നാം മറക്കരുത്.

**1. ദയാപ്രമാണം നിങ്ങളുടെ നാവിൽ സൂക്ഷിക്കുക.** സദൃശവാ

കൃങ്ങൾ 31-ാം അദ്ധ്യായം 26-ാം വാകൃത്തിൽ സൽഗുണമുള്ള സ്ത്രീയെ പറ്റി വിവരിക്കുന്നുണ്ട്. ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്. നിങ്ങൾ തമ്മിൽ ദയയും മനസലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:32). സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. (1 കൊരിന്ത്യർ 13:4).

**2. ദൈവകല്പനകൾ പ്രായോഗികമാക്കുക.** ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക. നമ്മുടെ സ്വഭാവത്തെ ദൈവിക സ്വഭാവമാക്കി മാറ്റുക.

**3. എല്ലാവരോടും ആത്മാർത്ഥത കാണിക്കുക.** ആർക്കും തിന്മക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടേയും മുൻപിൽ യോഗ്യമായതു മുൻകരുതി പ്രവർത്തിക്കുക. (റോമർ 12:17).

**4. യേശു മരിച്ചതു എല്ലാ വർഗക്കാർക്കും വേണ്ടിയായിരുന്നു എന്നു ഓർക്കുക.** മനുഷ്യൻ ദുരഭിപ്രായത്തിനും ഇളക്കാൻ പറ്റാത്ത മഹത്തായ ഒന്നാണിത്. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. അതിൽ യെഹൂദൻ എന്നോ, യവനൻ എന്നോ, ദാസൻ എന്നോ സ്വതന്ത്രൻ എന്നോ വ്യത്യാസം ഇല്ല (ഗലാത്യർ 3:26-28). ദൈവം തന്റെ പുത്രനെ അയച്ചതു ലോകത്തെ വിധിപ്പാനല്ല, രക്ഷിപ്പാനത്രെ (യോഹന്നാൻ 3:16).

**5. ദൈവ സ്വഭാവം ഹൃദയത്തിൽ വെച്ചുകൊണ്ടു ഇടപെടുക**

ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ പിതാവിനു നിങ്ങൾ പുത്രന്മാർ ആയി തീരേണ്ടതിനു തന്നെ. അവൻ ദുഷ്ടൻമാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലൊ. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം?(മത്തായി 5:44-46)

**6. ആത്മാവിനെ കുറിച്ച് ബോധവാന്മാരായിരിക്കണം.** ഏതുദേ

ശക്കാരനെന്നോ ഏതു ഭാഷക്കാരനെന്നോ, ഏതു വർഗ്ഗക്കാരനെന്നോ ചിന്തിക്കാതെ ആ വ്യക്തിയിലുള്ള ആത്മാവിന്റെ രക്ഷക്കായി കരുതി പ്രവർത്തിക്കുക. കർത്താവിന്റെ കല്പനകൾ അനുസരിച്ചാലേ ആത്മാവിന്റെ രക്ഷ പ്രാപ്യമാകുകയുള്ളു (മത്തായി 28:18–19).

✶

# പിതാവിനാൽ ഉറപ്പിച്ചതായിരുന്നു യേശുവിന്റെ ദൈവികത്വം

രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിൽ യേശുവിന്റെ പുത്രത്വത്തെ പിതാവ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. യേശു സ്നാനം ഏറ്റ ഉടനെ, വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്ന പോലെ ഇറങ്ങി തന്റെമേൽ വരുന്നതു അവർ കണ്ടു. ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി (മത്തായി 3:13–17). ഉയർന്ന ഒരു മലയിൽ വെച്ച് യേശുവിനു രൂപാന്തരം സംഭവിക്കുകയും മോശയും ഏലിയാവും യേശുവിനോടു സംസാരിക്കുന്നതും പത്രൊസും യാക്കോബും യോഹന്നാനും കണ്ടു. അപ്പോൾ പത്രൊസ് യേശുവിനോട്; കർത്താവേ നാം ഇവിടെ ഇരിക്കുന്നതു നന്നു; നിനക്കു സമ്മതമെങ്കിൽ ഞാൻ മൂന്നു കൂടിൽ ഉണ്ടാക്കും. ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലിയാവിനും എന്നു പറഞ്ഞു. അവൻ പറയുമ്പോൾ തന്നെ പ്രകാശമുള്ളോരു മേഘം അവരുടെ മേൽ നിഴലിട്ടു. മേഘത്തിൽ നിന്നു; ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവനു ചെവി കൊടുപ്പിൻ എന്ന ശബ്ദവും ഉണ്ടായി ദൈവ ഭാവം എടുത്തു വന്നിരിക്കയാണ് യേശു എന്ന് യെഹൂദന്മാർക്ക് വ്യക്തമായി മനസിലായി. പിതാവ് അവനെ കുറിച്ചു പറഞ്ഞതും മറ്റൊന്നായിരുന്നില്ല.

പിതാവിന്റെ ചിന്തയിലെ ദൈവമായിരുന്ന യേശുവിനെ എബ്രായ ലേഖകൻ കാണിച്ചു തരുന്നുണ്ട്. അവൻ അവന്റെ തേജസിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൻ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരി

ഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്തു ഭാഗത്തു ഇരിക്കുകയും അവൻ ദൈവദൂതന്മാരേക്കാൾ വിശിഷ്ട മായ നാമത്തിനു അവകാശിയായതിനു ഒത്തവണ്ണം അവരേക്കാൾ ശ്രേഷ്ടനായി തീരുകയും ചെയ്തു (എബ്രായർ 1:3-4). അതായത് യഹോവയായ ദൈവത്തിന്റെ മുഖപ്രകാശമായിരുന്നു യേശു. ദൈവ ത്തിന്റെ വ്യക്തിത്വമായിരുന്നു അവൻ എന്നു സാരം. ദൈവത്തിന്റെ മഹിമയും പ്രതിമയും ആയിരുന്നു. യഹോവ തന്നെ വെളിപ്പെടു ത്തിയ സത്യം സ്പഷ്ടമാക്കുന്നതും അത് തന്നെ. അപ്പൊസ്തല ന്മാർക്കും ഈ സത്യം അറിവുണ്ടായിരുന്നു. അവരുടെ പ്രസംഗ ങ്ങളിലും ലേഖനങ്ങളിലും അത് പ്രകടമായിട്ടുണ്ട്. യേശു, ദൈവ മായിരുന്നു എന്ന വസ്തുത അംഗീകരിക്കാത്തവരെ വിശ്വസിപ്പിക്ക യാണ് അവർ ചെയ്തത്. കർത്താവിന്റെ ഉപദേശം പഠിപ്പിക്കുമ്പോൾ അവർക്ക് യേശുവിന്റെ ദൈവികത്വം തെളിയിച്ചു കൊടുക്കേണ്ട ഉത്ത രവാദിത്വവും ഉണ്ടായിരുന്നു. ദൈവത്തോടു മനുഷ്യരെ നിരപ്പിക്കുന്ന ദൗത്യമായിരുന്നു യേശുവിന്റേത്. അവർ ചെയ്ത അത്ഭുതങ്ങൾ അവന്റെ അധികാരത്തെ ചൂണ്ടി കാണിക്കുന്നു.

✶

## യോഹന്നാൻ സ്നാപകനും പൗലൊസും അവന്റെ പുത്രത്വത്തെ സമ്മതിക്കുന്നു.

യോഹന്നാൻ സ്നാപകൻ വന്നത് ദൈവമായ കർത്താവിനു വഴി ഒരുക്കുന്നതിനു വേണ്ടിയായിരുന്നു (യോഹന്നാൻ 1:23; യെശയ്യാവ് 40:3). മലാഖിയുടെ പ്രവചനവും അങ്ങനെ നിറവേറുന്നുണ്ട്. യേശു ക്രിസ്തു അത് ഉദ്ധരിച്ചു കൊണ്ട് യോഹന്നാൻ സ്നാപകനെക്കു റിച്ച് പറയുന്നുമുണ്ട് (മത്തായി 11:7-10). ദൈവത്തിനു വഴി ഒരുക്കു വാനാണ് യോഹന്നാൻ സ്നാപകനെ അയച്ചത്. പരിശുദ്ധാത്മ ശ്വാസീ യമായ യോഹന്നാൻ അറിഞ്ഞിരുന്നില്ല. എങ്കിലും ദൈവം അവനു കൊടുത്ത അടയാളങ്ങൾ യേശു ആരാണെന്നു അവനു അറിവു കിട്ടി. അങ്ങനെ യോഹന്നാൻ അവനെ കാണുകയും അവൻ ദൈവ പുത്രൻ എന്നു സാക്ഷ്യം പറയുകയും ചെയ്തു (യോഹന്നാൻ 1:29-34).

ഭൂമിയിലേക്കു ഇറങ്ങി വന്ന ദൈവമായിരുന്നു യേശു എന്നു പൗലോസും വിശ്വസിച്ചിരുന്നു. "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവ രൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശത്തി ലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെ ത്താൽ താഴ്ത്തി ക്രൂശിലെ മരണത്തോളം തന്നെ (ഫിലിപ്പിയർ 2:5-8). ദൈവത്തിന്റെ സത്തയായിട്ടാണ് യേശു കാണപ്പെട്ടത് എന്നു മറ്റൊരു ഭാഗത്തു നാം വായിക്കുന്നുണ്ട്. അതേ സമയം അവൻ ദാസവേഷ മെടുത്ത് മനുഷ്യനായി ജീവിച്ചു (എബ്രായർ 2:9-18).

✶

## യേശുവിന്റെ അത്ഭുതങ്ങൾ, അവൻ ദൈവമായിരുന്നു എന്നു തെളിയിക്കുന്നു.

അവൻ ചെയ്ത വീര്യപ്രവർത്തികൾ ദൈവികത്വത്തെ വെളി പ്പെടുത്തുന്നവയാണ്. അവൻ ചെയ്തത് എല്ലാം പിതാവിന്റെ ഇഷ്ട മായിരുന്നു. (യോഹന്നാൻ 5:36). യേശു ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും സാധാരണക്കാർക്കു കഴിയുകയില്ല എന്നും ദൈവ ത്തിനുമാത്രമെ അത് സാധ്യമാകുകയുള്ളു എന്നും നിക്കൊദെമൊ സിനു മനസിലായി (യോഹന്നാന് 3:2). അനേകം അത്ഭുതങ്ങളും അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തതു ജനങ്ങൾ അവൻ ദൈവപുത്രൻ എന്നു വിശ്വസിക്കേണ്ടതിനായി രുന്നു എന്നു യോഹന്നാൻ വെളിപ്പെടുത്തിയിരുന്നു (യോഹന്നാൻ 20:30-31). വെള്ളത്തെ വീഞ്ഞാക്കി മാറ്റി (യോഹന്നാൻ 2:1-11). ഇതെല്ലാം അവൻ ദൈവമായിരുന്നു എന്നു തെളിയിക്കുന്നു.

✶

## സഭയിൽ പരിശുദ്ധരോടൊപ്പം - പാപികളുമോ?

### ഡോ.കെ.റ്റി.തോമസ്

സഭ സത്യസഭയാകുന്നത്, അതിലെ വിശ്വാസങ്ങൾ സത്യമായി രിക്കുന്നതു കൊണ്ടും ക്രിസ്തുവും ശിഷ്യന്മാരും പഠിപ്പിച്ച എല്ലാ സത്യങ്ങളും ഉൾക്കൊള്ളുന്നതുകൊണ്ടും അവ പഠിപ്പിക്കുന്നതു

കൊണ്ടും മാത്രമാണ്. ക്രിസ്തുവും ശിഷ്യന്മാരും പഠിപ്പിച്ച എല്ലാ വിശ്വാസ സത്യങ്ങളും വിശുദ്ധ ബൈബിളിൽ ഇല്ല (യോഹ. 20:30, 21:25) താൻ എഴുതിയവ മാത്രമല്ല പ്രസംഗിച്ചതും പഠിപ്പിച്ചതുമെല്ലാം ക്രിസ്ത്യാനികൾ വിശ്വസിക്കണമെന്നാണ് പൗലൊസ് ശ്ലീഹ പറയുന്നത്. ഞങ്ങൾ വാക്കുമൂലമോ ലിഖിതമായോ പഠിപ്പിച്ചിട്ടുള്ള കാര്യങ്ങൾ നിങ്ങൾ മുറുകെ പിടിക്കുവിൻ (2. തെസ. 2:15). ലിഖിതം വഴി പഠിപ്പിച്ച (ബൈബിൾ) മാത്രമല്ല. ശിഷ്യന്മാർ വാക്കുകൾ കൊണ്ട് പഠിപ്പിച്ചവയും സ്വീകരിക്കുന്നതുകൊണ്ടാണ് സഭയിൽ സമ്പൂർണ്ണ സത്യം ഉള്ളത്. അതുകൊണ്ടാണ് സഭ സത്യസഭയാകുന്നത്. ഇന്ന് ഭൂമുഖത്ത് നൂറുകണക്കിന് ക്രൈസ്തവ സഭകൾ ഉണ്ട്. ഈ സഭകളിലെല്ലാം പരിശുദ്ധരും പാപികളുമുണ്ട്. ആത്മിയരുടെയും പട്ടക്കാരുടെയും മേൽപ്പട്ടക്കാരുടെയും സന്യസരുടെ ഇടയിലും പാപികളുണ്ട്. പാപികൾക്കു വേണ്ടി മാത്രമൊ പരിശുദ്ധാന്മാർക്ക് വേണ്ടി മാത്രൊ ആയി ഒരു മതമോ മതവിഭാഗമോ ലോകത്തിൽ നിലവിലില്ല.

ക്രിസ്തുനാഥൻ തന്റെ ഉപമകളിലൂടെ ഇക്കാര്യം വ്യക്തമാക്കി പറഞ്ഞിട്ടുണ്ട്.(ഭൂമിയിലെ) സ്വർഗ്ഗരാജ്യം (സഭ) വയലിൽ നല്ല വിത്തു വിതച്ച മനുഷ്യനോട് സദൃശമാകുന്നു. ആളുകൾ ഉറക്കമായപ്പോൾ അവന്റെ ശത്രു വന്ന് കോതമ്പുകൾക്കിടയിൽ കളകൾ വിതച്ചശേഷം കടന്നു കളഞ്ഞു. ചെടികൾ വളർത്തു കതിരായപ്പോൾ കളകളും പ്രത്യക്ഷപ്പെട്ടു. വേലക്കാർ ചെന്ന് വീട്ടുടമസ്ഥനോട് ചോദിച്ചു യജമാനനെ, നീ വയലിൽ, നല്ല വിത്തല്ലേ വിതച്ചത്? പിന്നെ കളകളുണ്ടായത്. എവിടെ നിന്ന്? അവൻ പറഞ്ഞു ശത്രുവാണ് ഇത് ചെയ്തത്. വേലക്കാർ ചോദിച്ചത് ഞങ്ങൾ പോയി കളകൾ കൂട്ടട്ടേ? അവൻ പറഞ്ഞു. വേണ്ട, കളകൾ പറിച്ചെടുക്കുമ്പോൾ അവയോടൊപ്പം കോതമ്പു ചെടികളും നിങ്ങൾ പിഴുതു കളഞ്ഞെന്നുവരും. കൊയ്ത്തു വരെ അവ രണ്ടും നില്ക്കട്ടെ കൊയ്ത്തുകാരോട് പറയും ആദ്യമേ കളകൾ ശേഖരിച്ച് തീയിൽ ചുട്ടുകളയുവാൻ അവ കെട്ടുകളാക്കി വയ്ക്കുവിൻ, കോതമ്പ് എന്റെ ധാന്യപുരയിൽ സംഭരിക്കുവിൻ” (മത്തായി 13:24-30). നല്ല വിത്ത് രാജ്യത്തിന്റെ പുത്രന്മാർ, കളകൾ ദുഷ്ടന്റെ പുത്രരും. കൊയ്ത്ത് ലോകാവസാനം. പാപികൾ അഗ്നി കുണ്ഡത്തിലേക്ക് എറിയപ്പെടും. നീതിമാന്മാർ

സ്വർഗ്ഗസ്ഥപിതാവിന്റെ ഭവനത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും" (മത്തായി. 13:36-43).

സഭയിൽ ദുഷ്ടന്മാരും നീതിമാന്മാരുമുണ്ടെന്ന വലയുടെ ഉപമയിലും യേശുക്രിസ്തു വ്യക്തമാക്കുന്നു. "സ്വർഗ്ഗരാജ്യം (മരണാനന്തര സ്വർഗ്ഗമല്ല. അവിടെ നീതിമാന്മാർ മാത്രമാണുള്ളത്. ഇവിടെ പറയുന്ന സ്വർഗ്ഗരാജ്യം ഭൂമിയിലുള്ള സഭയാണ്). കടലിൽ എറിയപ്പെട്ട വല പോലെയാണത്...... നല്ല മത്സ്യങ്ങൾ പാത്രത്തിൽ ശേഖരിക്കുകയും ചീത്ത മത്സ്യങ്ങൾ പുറത്തേക്ക് എറിയപ്പെടുകയും ചെയ്യും" (മത്തായി 13:47-50). ലോകാവസാനം വരെ സഭയാകുന്ന വലയിൽ മത്സ്യങ്ങളും കടൽ പാമ്പുകളും ഉണ്ടായിരിക്കുമെന്ന സത്യം ക്രിസ്തു യേശു മുൻ കൂട്ടി പ്രവചിച്ചിരിക്കുന്നത് നാം ഇക്കാര്യം വ്യക്തമായി മനസ്സിലാക്കുന്നതിനു വേണ്ടിയാണ്. അതുകൊണ്ട് സഭയിൽ പാപികൾ ഉള്ളതുകൊണ്ട് സഭ സഭ സഭയല്ലാതാകുന്നില്ല. സഭയിൽ വിശുദ്ധരും പാപികളും ഉണ്ടായിരിക്കും. സഭയിൽ പാപികൾ ഉണ്ടായിരിക്കുമെന്ന് തന്നെയാണ് ബൈബിളിലും ആദിമ സഭയുടെ പഠനങ്ങളിലും, ആദിമ സഭാ പിതാക്കന്മാരുടെ ലിഖിതങ്ങളിലും, ആദിമ സഭയുടെ പ്രാർത്ഥനകളിലും കാണുന്നത്. എന്നാൽ വിശുദ്ധന്മാർക്ക് പ്രതിഫലം സമ്മാനിക്കപ്പെടുമ്പോൾ, പാപികൾക്ക് ശിക്ഷ ലഭിക്കും എന്ന കാര്യം വിസ്മരിക്കാതിരിക്കുക.

✶

## മോശയുടെ പാപം! ഒരു മഹാപാപം!!

കർത്താവായ യേശുക്രിസ്തു ഇപ്രകാരം അരുൾ ചെയ്തു. "യിസ്രായേലിൽ എന്റെ വിശുദ്ധി വെളിപ്പെടുത്തത്തക്കവിധം നിങ്ങൾ എന്നിൽ വിശ്വസിക്കാതിരുന്നതുകൊണ്ട് ഞാൻ, ഈ ജനത്തിന് കൊടുക്കുന്ന ദേശത്ത് (കനാൻ ദേശത്ത്) ഇവരെ എത്തിക്കുന്നത് നിങ്ങൾ ആയിരിക്കുകയില്ല. മോശ കർത്താവ് ആജ്ഞാപിക്കുന്നതു പോലെ പാറയിൽ നിന്ന് വെള്ളം പുറപ്പെടുവിച്ചില്ലേ?"(സംഖ്യ 20:2-13). പിന്നെന്തിനാണ് ദൈവം ഇങ്ങനെ അരുളിചെയ്തു.

"മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിൽ വച്ച് സൗമ്യനായിരുന്നു", ഇതിനുള്ള അനുഗ്രഹവേും ദൈവം മോശയ്ക്ക് നൽകി. കർത്താവിന് ഏറെ പ്രിയങ്കരനായിരുന്ന മോശയോട്" സ്നേഹിത

നോടെന്നപോലെ മുഖാമുഖം സംസാരിച്ചിരുന്നു". മോശയ്ക്കെതിരെ മിര്യാമും അഹരോനും സംസാരിച്ചപ്പോൾ കർത്താവ് അവരോട് ഇങ്ങനെ പറഞ്ഞു. "അവൻ (മോശയെ) എന്റെ ഭവനത്തിന്റെ മുഴുവൻ ചുമതലയും ഏല്പിച്ചിരിക്കുന്നു. അവ്യക്തമായിട്ടല്ല, സ്പഷ്ടമായി മുഖാമുഖമായിട്ടാണ് അവനുമായി ഞാൻ സംസാരിക്കുന്നത്. അവൻ കർത്താവിന്റെ രൂപം കാണുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കേ മോശയ്ക്കെതിരായി സംസാരിക്കാൻ നിങ്ങൾ ഭയപ്പെടാതിരുന്നത് എന്ത്? "അധികം ലഭിച്ചവനിൽ നിന്ന് അധികം ആവശ്യപ്പെടും. അധികം ഏല്പിക്കപ്പെട്ടവരോട് അധികം ചോദിക്കും" (ലൂക്കോ. 12:48). ഈ പശ്ചാത്തലത്തിലാണ് മോശയുടെ തെറ്റിനെപ്പറ്റി ചിന്തിക്കുന്നത് (സംഖ്യ. 20:7-12).

യിസ്രായേൽ ജനം കനാനിലേയ്ക്കുള്ള യാത്രാ മദ്ധ്യേ മരുഭൂമിയിലെത്തി. അവർ കാദേശിൽ താമസിച്ചു. അവർക്ക് അവിടെ വെള്ളം ലഭിക്കാത്തതുകൊണ്ട് അവർ മോശയ്ക്കും അഹരോനുമെതിരെ സംഘം ചേർന്ന് എതിർത്തു പറഞ്ഞു." ഞങ്ങളും ഞങ്ങളുടെ കന്നുകാലികളും ഇവിടെ കിടന്ന് ചാകാൻ വേണ്ടി നിങ്ങൾ സമൂഹത്തെ ഈ മരുഭൂമിയിലേക്ക് എന്തിനു കൊണ്ടുവന്നു. ഇതു ധാന്യമോ അത്തിപ്പഴമൊ മുന്തിരിയോ മാതളപ്പഴമൊ കിട്ടുന്ന സ്ഥലമല്ല. കുടിക്കുവാൻ വെള്ളം പോലുമില്ല." മോശയും അഹരോനും സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ ചെന്ന് സാഷ്ടാംഗം വീണു കൊണ്ട് പ്രാർത്ഥിച്ചു." കർത്താവിന്റെ മഹത്വം അവർക്ക് വെളിപ്പെട്ടു. കർത്താവ് മോശയോട് അരുളിച്ചെയ്തു. നിന്റെ വടി കയ്യിലെടുക്കുക." നീയും നിന്റെ സഹോദരൻ അഹരോനും കൂടി സമൂഹത്തെ വിളിച്ച് കൂട്ടി വെള്ളം പുറപ്പെടുവിക്കുവാൻ അവരുടെ മുമ്പിൽ വച്ച് പാറയോട് ആജ്ഞാപിക്കുക." ഒരിക്കൽ, 40 വർഷം മുമ്പ് ഹോറെബിലെ പാറമേൽ അടിക്കുവാൻ കല്പിച്ച കർത്താവിന്റെ കല്പന പ്രകാരം അതു ചെയ്തപ്പോൾ യിസ്രായേൽ ജനത്തിന് ജലം ലഭിച്ചു.

എന്നാൽ കാദേശിലെ മെരിബായിൽ പാറയെ അടിക്കുവാനല്ല മറിച്ച് പാറയോട് വെള്ളം പുറപ്പെടുവിക്കാൻ കല്പിക്കുവാനാണ് കർത്താവ് മോശയോട് പറഞ്ഞത്. എന്നാൽ "മാശയും അഹരോനും കൂടി പാറയ്ക്ക് മുമ്പിൽ ജനങ്ങളെ ഒന്നിച്ചു കൂട്ടി". മോശ പറഞ്ഞു "ധിക്കാരികളെ കേൾക്കുവിൻ നിങ്ങൾക്ക് വേണ്ടി ഈ പാറയിൽ

നിന്ന് ഞങ്ങൾ വെള്ളം പുറപ്പെടുവിക്കണമോ? മോശ കൈ ഉയർത്തി പാറയിൽ രണ്ട് പ്രാവശ്യം വടി കൊണ്ടടിച്ചു. വെള്ളം പുറപ്പെടുവിക്കാൻ പാറയോട് കല്പിച്ചില്ല. ഒരു പ്രാവശ്യമല്ല, രണ്ട് പ്രാവശ്യം പാറമേൽ വടി കൊണ്ടടിച്ചു. കർത്താവിലുള്ള ദൃഢമായ വിശ്വാസം ഇവിടെ ജനസമൂഹത്തിന്റേ മദ്ധ്യേ മോശ കാണിച്ചില്ല. അഹരോൻ മോശയെ തിരുത്തിയതുമില്ല.

## മദ്യപാനം

### ഫ്രാൻസിസ് ഡേവിഡ്

ഇന്ത്യയിലെ ഏതാനും സംസ്ഥാന സർക്കാരുകൾ മദ്യപാനത്തെ വിലക്കുകയുണ്ടായി. ചില സ്ഥലങ്ങളിൽ ചാരായം നിരോധിക്കയുണ്ടായി. ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ആളുകൾ പ്രസ്താവനകൾ ഇറക്കുകയുണ്ടായി. ആന്ധ്രാപ്രദേശും ഹരിയാനയും ഈ ദുർവൃത്തിയെ പൂർണ്ണമായി നിരോധിച്ചിരിക്കയാണ്.ഗവൺമെന്റിന്റെ ഈ നിലപാടിൽ ചിലർ അസന്തുഷ്ടരാണ്. കുടിച്ചില്ലെങ്കിൽ അവരുടെ ജീവിതം രസമില്ലാതെ, ഉത്സാഹമില്ലാതെ മന്ദീഭവിച്ച അവസ്ഥയായി തീരും എന്നത്രെ അവരുടെ പക്ഷം. സംസ്ഥാനത്തിനു പുറത്തു പോയി തങ്ങൾക്കിഷ്ടപ്പെട്ട മദ്യം വാങ്ങി കഴിക്കുന്നവരുണ്ട് എന്നു പോലും ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ മറുവശത്ത് വേറൊരു കൂട്ടം ആളുകൾ ഇതിൽ സന്തോഷിക്കയാണ്. സ്ത്രീകളും കുട്ടികളുമാണ് അവർ. അവരുടെ സ്വസ്ഥതയും സമാധാന ജീവിതവും തിരിച്ചു കിട്ടുമെന്നു വന്നു. മദ്യമായിരുന്നു അവർക്ക് അത് നഷ്ടമാവാൻ കാരണം. ഭാര്യയെയും മക്കളെയും കുടുംബാംഗങ്ങളെ മൊത്തത്തിലും കരുതാതെ അവരെ ഉപദ്രവിച്ചുകൊണ്ടിരുന്നതു ഇനി അനുഭവിക്കേണ്ടി വരികയില്ലല്ലൊ എന്നോർത്ത് അവർ സന്തോഷിക്കുന്നു.

ചരിത്രം നോക്കിയാൽ മദ്യം കഴിക്കുന്നവരെ പണ്ടു മുതൽക്കേ കണ്ടു വരുന്നുണ്ട്. പുരാതന കാലത്തു തുടങ്ങിയതാണ്. ഈ സ്വഭാവം. ഈ ദുഃസ്വഭാവത്തിനു കാലപ്പഴക്കം തന്നെ ഉണ്ട്. ലോകം മുഴുവനും ആളുകളിൽ കടന്നു കൂടിയ ഈ മോശമായ സ്വഭാവത്തെ സമൂഹത്തിൽ എവിടെയും കാണാം. കുറഞ്ഞു വരികയല്ലേ

പിന്നെയോ വർദ്ധിച്ചു വരികയാണ്. വല്ലപ്പോഴും കുടിക്കുന്നവരുണ്ട്, മദ്യപാനം ഒരു ശീലമാക്കിയിരിക്കുന്നവരുണ്ട്. അതെന്തായാലും അവരെല്ലാം മദ്യപാനികൾ തന്നെയാണ്. കഴിക്കുന്ന അളവിൽ ഏറ്റക്കുറച്ചിൽ ഉണ്ടായേക്കാം. ചിലർ അതിൽ നിന്നു പിൻതിരിയാൻ പറ്റാത്ത വണ്ണം അതിനു അടിമപ്പെട്ടിരിക്കയാണ്.

സാമൂഹ്യ സന്നദ്ധസംഘടനകളിൽ നിന്നും മതപരമായ മുന്നറിയിപ്പുകൾ മദ്യപാനത്തിന്റെ ദോഷ ഫലങ്ങളെ കുറിച്ച് ഉണ്ടായിട്ടു പോലും ആളുകൾ അതിനെ ചെവിക്കൊള്ളുന്നില്ല. മദ്യപ്രിയരായ ആളുകൾ ഇതു കേട്ടിട്ടും അവർക്ക് ഒരു കൂസലുമില്ല. ഈ മദ്യം ഉപേക്ഷിക്കാൻ തങ്ങൾക്ക് എങ്ങനെ കഴിയും എന്നതാണ് അവരുടെ ചോദ്യം. ചിലർ തങ്ങളുടെ വഴിയാണ് ശരിയായ വഴി എന്നു സമർത്ഥിക്കും. മറ്റു ചിലർ അതിൽ നിന്നു വിട്ടുമാറാൻ കഴിയാത വണ്ണം ഒഴികഴിവുകൾ നിരത്തും. അതെല്ലാം വാസ്തവത്തിൽ വിഢ്ഢിത്തമാണ്. ശരീരത്തെയും ആത്മാവിനെയും കുടുംബ ബന്ധങ്ങളെയും തകർക്കുന്ന ഈ ദുഷ്ട പ്രവണത ഒരുതരത്തിലും ഗുണം ചെയ്യുന്നില്ല എന്ന് അവർ തിരിച്ചറിയുന്നില്ല. സമൂഹത്തിൽ നല്ല ജീവിത നിലവാരം പുലർത്തി ഉന്നതിയിലെത്തണമെന്ന് ആഗ്രഹിക്കാത്തവർ ആരുണ്ട്? പക്ഷെ അതിനു തടസമായി നില്ക്കുന്ന വശത്തെ കുറിച്ച് അവർ തിരിച്ചറിയുന്നില്ല.

ഒരു ചെറിയ തുടക്കമായിട്ടായിരിക്കും പലരും ആരംഭിക്കുന്നത്. ഒരു കമ്പനിക്കു വേണ്ടി അല്പം കഴിച്ചു തുടങ്ങും. അങ്ങനെ ക്രമേണ വല്ലപ്പോഴും ആയെന്നിരിക്കും. പിന്നെ കുപ്പിക്കണക്കിലേക്കു നീങ്ങും. അതു ദിവസവും ആയാലെന്തെന്നു തോന്നും. ഡ്രൈവർ മദ്യപിച്ചതു കൊണ്ടുണ്ടാകുന്ന അപകടങ്ങൾ നിത്യ സംഭവമായി കഴിഞ്ഞിരിക്കുന്നു. മദ്യപിച്ച് കരൾ പൊട്ടി പലരും മരിച്ചിരിക്കുന്നു. എന്തിനാണീ ക്രൂര വിനോദം.! സുബോധം നഷ്ടപ്പെടുത്തുന്ന ഈ വിഷം എന്തിനു കഴിക്കണം എന്നു ചിന്തിക്കുക. ചിലർ പറയുന്നത് എല്ലാം മറക്കാനാണ് കുടിക്കുന്നത് എന്നതാണ്. പക്ഷെ വാസ്തവത്തിൽ മറക്കുകയാണെന്ന തോന്നൽ മാത്രമാണ്. വെറും ഒരു മരവിപ്പ് മാത്രമാണ് മദ്യത്തിൽ നിന്നു കിട്ടുന്നത്. ആരും അതിൽ അകപ്പെടരുത്. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ഈ ദുഷ്ട സ്വഭാവത്തിൽ അവർ ചാടാതിരിക്കാൻ അവരെ പ്രബോധിപ്പിക്കണം.

ദൈവ വചനത്തിൽ ഈ മദ്യപാനത്തെ കുറിച്ചു പറയുന്നതെന്തെന്നു ശ്രദ്ധിക്കുക. സദൃശവാക്യങ്ങൾ വളരെ ഉയർന്ന നിലവാരം പുലർത്തുന്ന പുസ്തകമാണല്ലോ. ബുദ്ധിമാനായ ശലോമോൻ പറയുന്നു: "വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു. അതിനാൽ ചഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല (സദൃശവാക്യങ്ങൾ 20:1). നീ വീഞ്ഞു കുടിക്കുന്നവരുടെ കൂട്ടത്തിലും മാംസഭോജന പ്രിയരുടെ ഇടയിലും ഇരിക്കരുത്. കുടിയനും അതിഭക്ഷകനും ദരിദ്രരായി തീരും (സദൃശവാക്യങ്ങൾ 23:20–21). ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം? ആർക്കു ആവലാതി, ആർക്കു അനാവശ്യമായ മുറിവുകൾ, ആർക്കു കൺ ചുവപ്പ്? വീഞ്ഞു കുടിച്ചുകൊണ്ട് നേരം വൈകിക്കുന്നവർക്കും മദ്യം രുചി നോക്കുവാൻ പോകുന്നവർക്കും തന്നെ (സദൃശ. 23:29–30).

മദ്യപാനത്തെ ബൈബിളിൽ ഖണ്ഡിക്കുന്നില്ല എന്നതാണ് ചില ആളുകൾ കരുതുന്നത്. പക്ഷെ പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവം മദ്യത്തെ നിരോധിച്ചിരിക്കയാണ്. പഴയ നിയമകാലത്തു അഹരോനോട് അരുളിച്ചെയ്തത് "നീയും നിന്റെ പുത്രൻമാരും മരിച്ചുപോകാതിരിക്കേണ്ടതിനു സമാഗമന കൂടാരത്തിൽ കടക്കുമ്പോൾ വീഞ്ഞും മദ്യവും കുടിക്കരുത്. ഇതു നിങ്ങൾക്കു തലമുറ തലമുറയായി എന്നേക്കുമുള്ള ചട്ടമായിരിക്കണം (ലേവ്യാപുസ്തകം 10:8–9). മദ്യപാനികൾ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല. എന്നാണ് അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നത് (1 കൊരിന്ത്യർ 6:10). പക്ഷെ ചിലർ യേശുക്രിസ്തു കാനാവിലെ കല്ല്യാണവിരുന്നിൽ വീഞ്ഞുണ്ടാക്കി കൊടുത്തു എന്നും അപ്പൊസ്തലനായ പൗലൊസ് തിമൊഥെയാസിനോട് വീഞ്ഞു കുടിക്കുവാൻ പറഞ്ഞിട്ടുണ്ട് എന്നും പറഞ്ഞു അവരുടെ മദ്യപാനത്തെ ന്യായികരിക്കുന്നുണ്ട്. ഇതു തെറ്റായ വ്യാഖ്യാനമാണ്. ശരിയായ ഉദ്ദേശത്തെ കണക്കിലെടുക്കാതെ തെറ്റായി വചനത്തെ എടുത്തു പയോഗിക്കുന്നവർ ദൈവത്തെ പരിഹസിക്കുകയാണ് ചെയ്യുന്നത്. ഔഷധാവശ്യത്തിനു വേണ്ടി വീഞ്ഞുപയോഗിക്കുന്നതും കുടിച്ചു മത്തരാകുന്നതും ദൈവഹിതത്തിന് വിരുദ്ധമാണ് എന്ന കാര്യം നാം മറക്കരുത്. ദൈവകൽപന പ്രമാണിച്ച് അവനെ പ്രസാദിപ്പിക്കുക.

*Watch!*

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

**Speaker:**

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!